## വയനാട് ഡിസ്ട്രിക്ട് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി ചെയർമാൻ, ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കളക്ടറുടെ നടപടിക്രമം.

(സാന്നിദ്ധ്യം : കേശവേന്ദ്രകുമാർ, ഐ.എ.എസ്)

ഉത്തരവ് നമ്പർ എച്ച്2-2016/ 16987/12 , തീയതി : 27/06/2015.

വിഷയം - ഡിസാസാറ്റർ മാനേജ്മെന്റ് ആക്ട് 2005-ജീവനും സ്വത്തിനും ഭീഷണി സൃഷ്ടിക്കുന്ന മരങ്ങൾ/ മരങ്ങളുടെ ശിഖിരങ്ങൾ നീക്കം ചെയ്യുന്നത് - അനുമതി നൽകി ഉത്തരവാകുന്നു.

സൂചന - 09-05-2016 ലെ ഡിസ്ട്രിക്ട് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ യോഗ തീരുമാനങ്ങൾ.

മുൻ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ വിവധ ഭാഗങ്ങളിൽ കനത്ത കാറ്റിലും മഴയിലും നിരവധി മരങ്ങൾ വീണ് ദാരുണമായ ദുരന്തങ്ങളുണ്ടായിട്ടുണ്ട്. കാറ്റിലും മഴയിലും മരങ്ങളോ മരശിഖരങ്ങളോ ഒടിഞ്ഞ് വീണ് ജീവനും സ്വത്തിനും അപകടം സംഭവിക്കുന്നത് ഫലപ്രദമായി തടയേണ്ടതുണ്ട്. ദുരന്തങ്ങൾ ഉണ്ടാവുന്നതിനുള്ള സാധ്യതകൾ മുൻകൂട്ടി കണ്ടെത്തി അവ തടയുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതിന് ഡിസാസാറ്റർ മാനേജ്മെന്റ് ആക്ട് 2005 ന്റെ സെക്ഷൻ 30(2)(iii), (v) എന്നിവ അനുശാസിക്കുന്നു. ജില്ലയിലെ ജനങ്ങളുടെ സ്വത്തിനും ജീവനും ഭീഷണിയാവുന്ന സാഹചര്യങ്ങൾ ഫലപ്രദമായി നേരിടുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ ഡിസാസാറ്റർ മാനേജ്മെന്റ് ആക്ട് 2005 ന്റെ സെക്ഷൻ 30(2)(iii), (v) എന്നിവയിൽ അനുശാസിക്കുന്നതനുസരിച്ച് ചുവടെ ചേർക്കുന്ന ഉത്തരവുകൾ ഉടൻ പ്രാബല്യത്തോടെ ഇതിനാൽ പുറപ്പെടുവിക്കുന്നു.

1. ജനങ്ങളുടെ സ്വത്തിനും ജീവനും ഭീഷണിയായി പൊതുസ്ഥലങ്ങളിൽ നിൽക്കുന്ന മരങ്ങളുടെ ശിഖിരങ്ങൾ ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥൻ മുറിച്ചു നീക്കേണ്ടതാണ്. ആയതിന് മറ്റൊരു വകുപ്പിന്റെ അനുമതിയോ പ്രത്യേകിച്ച് ഉത്തരവോ ആവശ്യമില്ലാത്തതാണ്. ഓരോ ദിവസവും ശിഖരങ്ങൾ മുറിച്ച് മാറ്റിയ മരങ്ങളെ സംബന്ധിച്ച കണക്ക് അതത് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് & തഹസിൽദാർക്ക് പ്രതിദിന റിപ്പോർട്ടായി കൈമാറേണ്ടതാണ്.

   (i) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ഥലത്തെ മരത്തിന്റെ ശിഖരം മുറിച്ച് നീക്കുന്നതിന് അതത് തദ്ദേശ സ്വയം ഭരണസ്ഥാപന സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനുള്ള ചെലവ് അതത് തദ്ദേശസ്വയംഭരണ സ്ഥാപനം വഹിക്കേണ്ടതാണ്.

   (ii) സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള സ്ഥലത്തെ മരത്തിന്റെ ശിഖരം മുറിച്ച് നീക്കുന്നതിന് അതത് ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനുള്ള ചെലവ് അതത് വകുപ്പ്/ഓഫീസ്/സ്ഥാപനം വഹിക്കേണ്ടതാണ്.

(iii) പി.ഡബ്ല്യു.ഡി യുടെ അധീനതയിലുള്ള റോഡരികിലെ മരത്തിന്റെ ശിഖിരം മുറിച്ച് നീക്കുന്നതിന് പി.ഡബ്ല്യു.ഡി നിരത്ത് വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനുള്ള ചെലവ് പി.ഡബ്ല്യു.ഡി (നിരത്ത് വിഭാഗം) വഹിക്കേണ്ടതാണ്.

(iv) ദേശീയപാതയോരത്തെ മരത്തിന്റെ ശിഖിരം മുറിച്ച് നീക്കുന്നതിന് പി.ഡബ്ല്യു.ഡി (ദേശീയപാതാ വിഭാഗം) എക്സിക്യൂട്ടിവ് എഞ്ചിനീയർ/അസിസ്റ്റൻറ് എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനുള്ള ചെലവ് പി.ഡബ്ല്യു.ഡി (ദേശീയപാതാ വിഭാഗം) വഹിക്കേണ്ടതാണ്.

(v) സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തെ മരത്തിന്റെ ശിഖിരംനീക്കുന്നതിന് അതത് ഭൂ ഉടമ നടപടി സ്വീകരിക്കേണ്ടതാണ്. ഭൂഉടമ ഫോട്ടോ സഹിതം വില്ലേജ് ഓഫീസർക്ക് വെള്ളക്കടലാസിൽ അപേക്ഷ സമർപ്പിക്കുകയും വില്ലേജ് ഓഫീസർ 24 മണിക്കൂറിനകം സ്ഥലപരിശോധന നടത്തി ആവശ്യമെന്ന് കാണുന്നപക്ഷം ശിഖിരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകേണ്ടതുമാണ്. ഇതിനുള്ള ചെലവ് അതത് ഭൂ ഉടമ വഹിക്കേണ്ടതാണ്.

2. ഉണങ്ങിയതും മുറിച്ചു നീക്കേണ്ടത് അനിവാര്യവുമായ മരങ്ങൾ, ബന്ധപ്പെട്ട വില്ലേജ് ആഫീസരുടെയും റെയിഞ്ച് ആഫീസറുടെയും അനുമതിയോടുകൂടി ഖണ്ഡിക 1(i) മുതൽ (iv) വരെ പ്രസ്താവിച്ചിട്ടുള്ള ആഫീസർമാർ മുറിച്ചുനീക്കേണ്ടതാണ്. എന്നാൽ മരത്തിന്റെ അപകട ഭീഷണി സംബന്ധിച്ച അവസ്ഥ വ്യക്തമാക്കുന്ന റിപ്പോർട്ടും, ഫോട്ടോഗ്രാഫുകളും തയ്യാറാക്കി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. യഥാർഥത്തിൽ അപകടഭീഷണി സൃഷ്ടിക്കുന്ന മരങ്ങൾ മാത്രമേ മുറിച്ച് മാറ്റുവാൻ പാടുള്ളൂ. ഓരോ ദിവസവും മുറിച്ച് മാറ്റിയ മരങ്ങളെ സംബന്ധിച്ച പരിപൂർണ്ണ വിവരങ്ങൾ അതത് എക്സിക്യൂട്ടിവ് മജിസ്ട്രേറ്റ് & തഹസിൽദാർക്ക് പ്രതിദിന റിപ്പോർട്ടായി കൈമാറേണ്ടതാണ്.

3. സ്വകാര്യഭൂമിയിൽ നിൽക്കുന്ന ഉണങ്ങിയതും മുറിച്ചു നീക്കേണ്ടത് അനിവാര്യവുമായ മരങ്ങൾ മുറിക്കുന്നതിനായി ഭൂഉടമ ഫോട്ടോ സഹിതം വില്ലേജ് ഓഫീസർക്ക് വെള്ളക്കടലാസിൽ അപേക്ഷ സമർപ്പിക്കുകയും വില്ലേജ് ഓഫീസർ 24 മണിക്കൂറിനകം സ്ഥലപരിശോധന നടത്തി അനിവാര്യമാണെന്ന് കാണുന്നപക്ഷം മരം മുറിക്കുന്നതിന് അനുമതി നൽകേണ്ടതുമാണ്. ഇത്തരം കേസുകൾ അതത് ദിവസം തന്നെ തഹസിൽദാർക്ക് സമർപ്പിച്ച് സാധൂകരണം നേടേണ്ടതുമാണ്. മരം മുറിച്ച് നീക്കുന്നതിന് സാധൂകരണം ലഭിക്കുന്നത് വരെ കാത്തിരിക്കേണ്ടതില്ല.

4. മുകളിൽ പറഞ്ഞവയിൽ സർക്കാരിലേക്ക് റിസർവ് ചെയ്ത തേക്ക്, വീട്ടി ഇടങ്ങിയ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് ചിത്രം സഹിതമുള്ള അപേക്ഷ തഹസിൽദാർക്ക് വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് സഹിതം നൽകുകയും ആയതിൻമേൽ എക്സിക്യൂട്ടിവ് മജിസ്ട്രേറ്റ് & തഹസിൽദാർ 24 മണിക്കൂറിനകം സി.ആർ.പി.സി. സെക്ഷൻ 133 പ്രകാരം തീർപ്പ് കൽപ്പിക്കുകയും

ചെയ്യേണ്ടതാണ്. ഉദ്യോഗസ്ഥൻ/ഭൂ ഉടമയുടെ ചെലവിൽ കപ്പാടി ഗവ.ടിമ്പർ ഡിപ്പോയിൽ മരം എത്തിക്കേണ്ടതാണ്. റിസർവ് ചെയ്ത മരങ്ങൾ അന്യാധീനപ്പെടാതെ സർക്കാരിലേക്ക് മുതൽക്കൂട്ടപ്പെടുന്നു എന്ന് അതത് തഹസിൽദാർ ഉറപ്പ് വരുത്തേണ്ടതാണ്. നിലവിൽ ഇത്തരം കേസുകളിൽ ഏതെങ്കിലും അപേക്ഷ താലൂക്ക് ഓഫീസ്, സബ് കളക്ടറുടെ ഓഫീസ് എന്നിവിടങ്ങളിൽ തീർപ്പാക്കാതെ ബാക്കിയുണ്ടെങ്കിൽ അവയും ഇതേ നടപടിക്രമം പാലിച്ച് തീർപ്പാക്കേണ്ടതാണ്.

5. യഥാർഥത്തിൽ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന മരം മാത്രമേ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുറിച്ച് നീക്കുവാൻ പാടുള്ളൂ.
6. ഈ ഉത്തരവ് പ്രകാരം മുറിച്ച് നീക്കുന്ന ഓരോ മരത്തിനും പകരമായി പത്ത് മരങ്ങൾ മരം മുറിച്ച് നീക്കുന്ന സ്ഥാപനം/ഭൂ ഉടമ നട്ട് പിടിപ്പിക്കേണ്ടതാണ്.
7. ഈ ഉത്തരവിന് 30.08.2016 വരെ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.
8. ഇപ്രകാരം നടപടി സ്വീകരിക്കാതിരിക്കുന്നത് 2005 ലെ ഡിസാസ്റ്റർ മാനേജ്മെൻറ് ആക്ട് സെക്ഷൻ 51 പ്രകാരം ശിക്ഷാർഹമായിരിക്കുന്നതാണ്.
9. ഏതെങ്കിലും മരം അടിയന്തിരമായി മുറിച്ചുമാറ്റേണ്ട വിധം അപകടഭീഷണി സൃഷ്ടിക്കുന്നുവെങ്കിൽ ആയത് ഫയർ & റെസ്ക്യൂ സർവ്വീസസിന്റെ സഹായത്തോടുകൂടി നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)

ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ കളക്ടർ & ചെയർമാൻ,
ഡിസ്ട്രിക്ട് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി
വയനാട്.

*അംഗീകാരത്തോടെ,*

*ചാർജ് ആഫീസർ*

- സബ് കളക്ടർ & സബ് ഡിവിഷനൽ മജിസ്ട്രേറ്റ്, മാനന്തവാടി
- ജില്ലാ പോലീസ് ചീഫ്, കൽപ്പറ്റ
- ഡെ. കളക്ടർ (എൽ.എ)
- അസി. ഡിവിഷണൽ ആഫീസർ, ഫയർ & റസ്ക്യൂ, കൽപ്പറ്റ
- തഹസിൽദാർ & എക്സിക്യൂട്ടിവ് മജിസ്ട്രേറ്റ്, വൈത്തിരി/മാനന്തവാടി/സു.ബത്തേരി
- സെക്രട്ടറി ജില്ലാ പഞ്ചായത്ത്
- അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, സോഷ്യൽ ഫോറസ്ട്രി, കൽപ്പറ്റ
- ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ (നോർത്ത്) മാനന്തവാടി
- ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ (സൌത്ത്) മാനന്തവാടി

- വൈൽഡ് ലൈഫ് വാർഡൻ, സു. ബത്തേരി
- എക്സിക്യൂട്ടീവ് എൻജിനിയർ/അസി. എൻജിനിയർ , നാഷ്ണൽ ഹൈവേ അതോറിറ്റി, കൽപ്പറ്റ.
- എക്സിക്യൂട്ടീവ് എൻജിനിയർ, പൊതുമരാമത്ത് വകുപ്പ് (നിരത്ത് വിഭാഗം), കൽപ്പറ്റ.
- എക്സിക്യൂട്ടീവ് എൻജിനിയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), കൽപ്പറ്റ
- ഡെ. ഡയറക്ടർ , പഞ്ചായത്ത്, കൽപ്പറ്റ
- എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും
- ഡെ. ഡയറക്ടർ വിദ്യാഭ്യാസം, കൽപ്പറ്റ (എല്ലാ സ്കൂൾ പ്രിൻസിപ്പൽ/ഹെഡ് മാസ്റ്റർമാർക്കും അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്).
- സെക്രട്ടറി, കൽപ്പറ്റ / മാനന്തവാടി / സു. ബത്തേരി നഗരസഭ
- എല്ലാ വില്ലേജ് ആഫീസർമാർക്കും (തഹസിൽദാർമാർ മുഖേന)
- ജില്ലാ ഇൻഫർമേഷൻ ആഫീസർ ( പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും പരസ്യപ്പെടുത്തുന്നതിന്).